**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

അവശ്യ സാധനങ്ങളുടെ വില വർധന

മി. സ്പീക്കർ: പച്ചക്കറിയും പലവ്യഞ്ജനവുമുൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ വില വർദ്ധനമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം ഒരു ദേശീയ പ്രശ്നമാണ്. ഭക്ഷ്യധാന്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നൊരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ വിലക്കയറ്റത്തിന്റെ സ്വാധീനം ഏറ്റവുമധികം അനുഭവപ്പെടുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ, സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽകൊണ്ട് വിലക്കയറ്റത്തിന്റെ രൂക്ഷത

ഉൽപാദന സംസ്ഥാനങ്ങളേക്കാൾ കുറഞ്ഞതോതിൽ മാത്രമേ സംസ്ഥാനത്ത് അനുഭവപ്പെടുന്നുള്ളൂ. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടുന്ന ശക്തമായ പൊതുവിതരണ സമ്പ്രദായത്തിലൂടെ സർക്കാർ നടത്തുന്ന വിപണി ഇടപെടലാണ് സംസ്ഥാനത്തുണ്ടാകേണ്ടിയിരുന്ന വൻതോതിലുള്ള വിലക്കയറ്റം തടഞ്ഞുനിർത്താൻ സഹായകമാകുന്നത്. നമ്മുടെ തൊട്ടടുത്തുള്ള ഉൽപാദക സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്ര, തെലുങ്കാന, ഒഡീഷ എന്നിവിടങ്ങളിലെ പണപ്പെരുപ്പനിരക്ക് യഥാക്രമം 6.11, 5.87, 5.97, 6.25 എന്നീ വിധത്തിലാണ്. എന്നാൽ കേരളത്തിലെ പണപ്പെരുപ്പനിരക്ക് 5.47 ശതമാനം മാത്രമാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭം എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങൾ സംസ്ഥാനത്തെ പച്ചക്കറി ലഭ്യതയെ ബാധിച്ചിട്ടുണ്ട്, ചിലയിനം പച്ചക്കറികളുടെ വിലയിൽ താൽക്കാലികമായ വർധനവിന് ഇത് കാരണമായിട്ടുണ്ട്. എന്നാൽ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ കാര്യമായ വിലവ്യത്യാസമുണ്ടായിട്ടില്ല. സംസ്ഥാനത്തെ നത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ ഉത്തരവ് നം.

470/2023 ഭക്ഷ്യ-പൊതുവിതരണം, തീയതി 23-11-2023 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും കളക്ടർമാർ, ഭക്ഷ്യ-കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാമാസവും യോഗംചേർന്ന് അവരുടെ ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർക്ക് നൽകിവരുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിന്മേൽ, ഭക്ഷ്യ-പൊതുവിതരണ കമ്മീഷണറുടെ ശിപാർശകൾ സഹിതം തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിനാൽ ഇത്തരം ഒരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ യാതൊരു അടിയന്തര സാഹചര്യവുമില്ല. ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്ത് പച്ചക്കറിക്കും പലവ്യഞ്ജനങ്ങൾക്കും മറ്റ് അവശ്യസാധനങ്ങൾക്കും തീവിലയാണ്. വിക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണെന്ന് ഈ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്ന കാര്യം പക്ഷെ, ഈ സർക്കാരിനുമാത്രം അറിയില്ലെന്നതാണ് യാഥാർത്ഥ്യം. വെണ്ടക്കയും തക്കാളിയുമില്ലാത്ത

സാമ്പാറും, മുരിങ്ങക്കയില്ലാത്ത അവിയലും കഴിക്കേണ്ട ദുരവസ്ഥയിലാണ് ഇന്ന് ഒരു സാധാരണ മലയാളിയെന്നത് കാണാതെപോകാൻ സാധിക്കുമോ? കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ എല്ലാത്തരം സാധനങ്ങളുടെയും വില വർധിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് ഒരു മാസം മുമ്പ് 50-60 രൂപയ്ക്ക് ലഭിച്ചിരുന്ന പച്ചക്കറി കിറ്റ് ഇപ്പോൾ കിട്ടണമെങ്കിൽ 100 രൂപയിൽ കൂടുതൽ കൊടുക്കേണ്ടതുണ്ട്. വരുംദിവസങ്ങളിൽ വില ഇതിനേക്കാൾ ഉയരുമെന്നാണ് പറയപ്പെടുന്നത്. പക്ഷേ, ഇക്കാര്യങ്ങളൊന്നും സർക്കാർ മാത്രം അറിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. 20-06-2024-ൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉൾപ്പെടെയുള്ള അംഗങ്ങളുടെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി ഞാൻ വായിക്കാം. 'സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്ന ചോദ്യത്തിന് 'കഴിഞ്ഞ വർഷം ഇതേസമയത്തുള്ള വിലയുമായി താരതമ്യം ചെയ്യുമ്പോൾ വിപണിയിൽ പച്ചക്കറിയുടെ വിലവർധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടില്ല' എന്നാണ് വകുപ്പുമന്ത്രിതന്നെ പറയുന്നത്. നിത്യോപയോഗ സാധനങ്ങൾ വാങ്ങാനായി

മാർക്കറ്റിലേയ്ക്ക് പോകുന്ന സാധാരണക്കാർക്ക് അനുഭവപ്പെടുന്ന ദുരവസ്ഥയെന്താണ്? മാർക്കറ്റിലെ എല്ലാ സാധനങ്ങളുടെയും ഇപ്പോഴത്തെ വിലയെക്കുറിച്ച് ഞാൻ എടുത്തുപറയുന്നില്ല. പൊതുവിപണിയിൽ ഓരോ സാധനങ്ങൾക്കും നൽകേണ്ട വിലയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഒരു മാസത്തിനുള്ളിൽ വിലയിൽ സംഭവിച്ചിരിക്കുന്ന വ്യതിയാനത്തെക്കുറിച്ച് പരിശോധിക്കുകയാണെങ്കിൽ ഒരു കിലോ തക്കാളിക്ക് കഴിഞ്ഞമാസം 40 രൂപയായിരുന്നെങ്കിൽ ഇന്നത് 80 രൂപയായി വർധിച്ചു. ബീൻസ് 80-ൽനിന്നും 130, അച്ചിങ്ങ 50-ൽനിന്നും 80, കാരറ്റ് 40- ൽനിന്നും 70, വെണ്ട 25-30-ൽനിന്നും 60 എന്നിങ്ങനെ ഓരോ പച്ചക്കറിയുടെയും വില വർധിച്ചിരിക്കുകയാണ്. പച്ചമുളകിന്റെ വിലപോലും 60 രൂപയിൽനിന്നും 140 രൂപയായി വർധിച്ചുകഴിഞ്ഞു. പലവ്യഞ്ജനങ്ങളുടെ കണക്ക് നോക്കിയാലോ, ഒരു കിലോയ്ക്ക് 58 രൂപയായിരുന്ന മട്ടയരി ഇപ്പോൾ 64 രൂപയായി വർധിച്ചു. വൻപയറിന്റെ വില 130-ഉം, ചെറുപയറിന്റെ വില 160-ഉം രൂപയായി വർദ്ധിച്ചു. ഓരോ സാധനങ്ങളായി എടുത്ത് പരിശോധിച്ചാൽ വില വർധനയെ സംബന്ധിച്ച് മനസിലാക്കാൻ സാധിക്കും. പരിപ്പിന് 130 രൂപയായും

തുവരപ്പരിപ്പ് 160-ൽനിന്നും 190 രൂപയായും പഞ്ചസാരയ്ക്ക് 43 രൂപയായും ഉയർന്നുകഴിഞ്ഞു. മറ്റ് ഭക്ഷ്യ ഇനങ്ങളുടെ കാര്യമാണെങ്കിലോ; മത്സ്യത്തിന്റെ വില നോക്കുകയാണെങ്കിൽ, സാധാരണക്കാരൻ ഏറ്റവും കൂടുതൽ കഴിക്കുന്ന മത്തിയുടെ വില ഇപ്പോൾ എത്രയാണ്? മത്തി കിലോയ്ക്ക് 300 രൂപയ്ക്ക് മുകളിലായി. ഒരു കിലോ മത്തിയുടെ വിലപോലും 300 രൂപയിൽ അധികമായിയെന്നത് ചിന്തിക്കേണ്ടതാണ്, കാരണം, സാധാരണക്കാരൻ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സാധനമാണത്. അയല മത്സ്യത്തിന്റെ വില വർധനയും അതുപോലെതന്നെയാണ്. ഏതുതരം മത്സ്യത്തിന്റെ വില പരിശോധിച്ചാലും സ്ഥിതി ഇങ്ങനെയൊക്കെതന്നെയാണ്. അതുമാത്രമാണോ, കാളാഞ്ചിയും കരിമീനും നെയ്മീനുമൊന്നും സാധാരണക്കാരന്റെ തീൻമേശയിൽ സ്വപ്നം കാണാൻപോലും സാധിക്കില്ല, അത്തരത്തിൽ വില വർധിച്ചിരിക്കുകയാണ്. കോഴിയിറച്ചി കിലോയ്ക്ക് 170 രൂപയാണ് ഇന്നത്തെ മാർക്കറ്റ് വില. 85 രൂപയ്ക്ക് കെ-ചിക്കൻ നൽകുമെന്ന് പറഞ്ഞൊരു മന്ത്രി ഈ സഭയിലുണ്ടായിരുന്നു. എന്നാൽ ഇന്ന് 85 രൂപയ്ക്ക് ചിക്കന്റെ കാലുപോലും കിട്ടാത്ത അവസ്ഥയായി. ഇങ്ങനെയൊക്കെയാണ് കാര്യങ്ങൾ പോകുന്നതെന്ന്

ഓർക്കണം. പൊതുമാർക്കറ്റിലെ വിലയെക്കുറിച്ചാണ് ഞാൻ ഇത്രനേരവും പറഞ്ഞത്. സർക്കാരിന്റെതന്നെ സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിന്റെ കണക്കുകളും എന്റെ കൈയിലുണ്ട്. ഓരോ സാധനങ്ങളുടെയും മാർച്ച് മാസത്തെയും ജൂൺ മാസത്തെയും വിലവിരങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ സ്റ്റാറ്റിറ്റിക്സ് വകുപ്പിന്റെ കണക്ക് ഞാൻ പറയാം. പഞ്ചസാര കിലോയ്ക്ക് 42 രൂപ എന്നത് 44 രൂപയായി ഉയർന്നു. വെളിച്ചെണ്ണ 167-ൽനിന്നും 175, ഉരുളക്കിഴങ്ങ് 35-ൽനിന്നും 48, സവാള 32-ൽനിന്നും 42 എന്നിങ്ങനെ ഓരോ സാധനത്തിന്റെയും വില വർധനയുടെ കണക്ക് സർക്കാരിന്റെതന്നെ സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിന്റേതാണ്. എല്ലാ സാധനങ്ങൾക്കും അടിക്കടി വില വർധിച്ചിട്ടും സർക്കാരുമായി ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും യാതൊന്നും സംഭവിച്ചിട്ടില്ലെന്ന തരത്തിലാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ദൈനദിനം മാർക്കറ്റിലേയ്ക്ക് പോകുന്നവർ എങ്ങനെയാണ് തിരിച്ചുവരുന്നതെന്ന് നമുക്കറിയാം. നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ മാത്രമാണോ വിലക്കയറ്റമുള്ളത്? നിർമ്മാണ സാമഗ്രികളുടെ വിലയും വർധിപ്പിച്ചിരിക്കുകയാണ്. സിമെന്റിനും കമ്പിക്കും മണലിനും എംസാന്റിനും വില വർധിച്ചു. മനുഷ്യൻ കഴിക്കുന്ന

സാധനങ്ങളുടെ കാര്യംപോകട്ടേ, മൃഗങ്ങൾ ഭക്ഷിക്കുന്ന സാധനങ്ങളുടെ വിലയാണെങ്കിലോ? കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയ്ക്കൊക്കെ വില വർദ്ധിച്ചിരിക്കുന്നു. കെ.എസ്. കാലിത്തീറ്റയുടെ വില 1500 -ഓളം രൂപയായി, കോഴിത്തീറ്റയുടെ വില 2500 രൂപയ്ക്ക് അടുത്തെത്തി. ഇതെല്ലാം സി.പി.ഐ. ഭരിക്കുന്ന വകുപ്പുകളാണ്. എല്ലാ സാധനങ്ങളുടെയും വില വർധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ വില വർധിച്ച കാര്യങ്ങളൊന്നും ഈ സർക്കാർ അറിയുന്നില്ല! അത്തരത്തിൽ എല്ലാ സാധനങ്ങൾക്കും വില വർധിച്ചുകൊണ്ടേയിരിക്കുന്നതിനാൽ ജനം പൊറുതിമുട്ടി നിൽക്കുന്ന അവസ്ഥയാണ്. അങ്ങ് വിലക്കയറ്റ സൂചികയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ദേശീയതലത്തിൽ കഴിഞ്ഞമാസത്തെ അവസ്ഥ നോക്കിയാൽ Retail inflation 12 മാസത്തിനിടയ്ക്ക് ഏറ്റവും താഴ്ചയിലേയ്ക്ക് എത്തിയിട്ടും സംസ്ഥാനത്ത് അതിന് കടകവിരുദ്ധമായ പ്രവണതയാണ് കാണുന്നത്. അതായത് ദേശീയതലത്തിൽ Retail inflation കുറയുമ്പോഴും സംസ്ഥാനതലത്തിൽ കേരളത്തിന്റെ കാര്യമെടുക്കുമ്പോൾ Retail inflation വർധിക്കുന്നു. ചില സംസ്ഥാനങ്ങളിലെ കാര്യങ്ങളെക്കുറിച്ചും അങ്ങ് സൂചിപ്പിച്ചു. നേരത്തേ ഒരിക്കൽ ഇത്തരം

വിഷയത്തിൽ മറുപടി പറഞ്ഞപ്പോൾ രാജസ്ഥാനിലേയ്ക്ക് നോക്കൂ.., കർണ്ണാടകയിലേയ്ക്ക് നോക്കൂ..എന്നാണ് പറഞ്ഞത്. എന്തായാലും ഇത്തവണത്തെ മറുപടിയിൽ രാജസ്ഥാനിലേയ്ക്ക് നോക്കാൻ പറഞ്ഞിട്ടില്ല. കർണ്ണാടകയിലേയ്ക്കും തെലുങ്കാനയിലേയ്ക്ക് നോക്കാനാണ് അദ്ദേഹം പറഞ്ഞത്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ വില വർധനയെക്കുറിച്ച് അദ്ദേഹത്തിന് ഒന്നും പറയാനില്ല. കഴിഞ്ഞ പ്രാവശ്യത്തേതിൽനിന്നും മാറ്റംവരുത്തി കർണ്ണാടകയും തെലുങ്കാനയുമാക്കി. നമ്മുടെ സംസ്ഥാനത്തുനിന്നും കർണ്ണാടകയിലും തെലുങ്കാനയിലുംപോയി ആരെങ്കിലും സാധനങ്ങൾ വാങ്ങുമോ; ആ സംസ്ഥാനത്തുള്ളവർ ഇവിടെ വന്ന് നിത്യവും സാധനം വാങ്ങുമോ? ദേശീയ ശരാശരി 4.83-ൽ നിൽക്കുമ്പോൾ കേരളത്തിൽ പണപ്പെരുപ്പത്തിന്റെ തോത് 5.47 ആയി നിൽക്കുകയാണ്. ഇതൊന്നും ഈ നാട്ടിലല്ലേ സംഭവിക്കുന്നത്? സർക്കാർ ഇതൊന്നും അറിയുന്നില്ലെങ്കിലും സാധാരണക്കാരൻ ഇതിന്റെ ചൂടും വേദനയും ദൈനംദിനം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണയായി ഇങ്ങനെയൊരു വിഷയമുണ്ടാകുമ്പോൾ സർക്കാർ എന്താണ് ചെയ്യുന്നത്? 1964-ൽ ശ്രീ. ആർ.

ശങ്കറിന്റെ കാലത്ത് ഇന്ത്യയിൽ ആദ്യമായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നടപ്പിലാക്കിയൊരു സംസ്ഥാനമാണിത്. അതിനുശേഷം സർക്കാരുകൾ മാറി വന്നപ്പോഴും കൃത്യമായ വിപണിയിടപെടൽ നടത്തുന്നതിനായി സപ്ലൈകോ, കൺസ്യൂമർ ഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളാരംഭിച്ചു. എന്നാൽ, ഇന്ന് ആ സ്ഥാപനങ്ങളുടെ അവസ്ഥയെന്താണ്? ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് കാര്യങ്ങൾ കൃത്യമായി വിലയിരുത്തി വിപണിയിൽ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇതേ വിഷയത്തിന്മേൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി എന്റെ കൈവശമുണ്ട്. 10-06-2024-ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിന് നൽകിയ മറുപടിയുടെ അവസാനഭാഗം ഞാൻ വായിക്കാം. 'പൊതുവിപണിയിൽ ഇടപെടുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം നൽകി വരുന്നുണ്ടോ വ്യക്തമാക്കാമോ?' എന്ന ചോദ്യത്തിന് 2020-21 വർഷത്തിൽ ഒന്നുമില്ല (zero), 2021-22 വർഷത്തിൽ 75 കോടി രൂപ 2022-23 വർഷത്തിൽ ഒന്നുമില്ല (zero) 2023-24 വർഷത്തിൽ

375 കോടി രൂപ. ചോദ്യത്തിന്റെ അവസാനത്തെ പിരിവായ 'എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തികവർഷം എത്ര തുക നൽകാനാണ് പ്രഖ്യാപനം നടത്തിയത്? അതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? എന്നതിന് 2024-25 സാമ്പത്തികവർഷം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് 205 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ മറുപടി പറഞ്ഞിരിക്കുന്നത്. ഈ സാമ്പത്തികവർഷം തുക വിതരണം ചെയ്ത് തുടങ്ങിയിട്ടില്ലെന്നാണ്. ഇതുവരെ അനുവദിക്കപ്പെട്ട തുകയിൽനിന്നും ഒരു രൂപപോലും വിനിയോഗിച്ച് തുടങ്ങിയിട്ടില്ലെന്ന് അങ്ങുതന്നെ നിയമസഭയിൽ പറയുകയാണ്. അപ്പോൾ എന്താണ് സ്ഥിതി? പ്രസ്തുത വിഷയത്തിൽ ഇടപെടൽ നടത്തേണ്ട

സപ്ലൈകോയുടെ അവസ്ഥയാണ് ഇവിടെ പറഞ്ഞത്. സപ്ലൈകോയുടെ 50-ാം വാർഷികം കഴിഞ്ഞദിവസം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. 13 അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്നുപറഞ്ഞ് അധികാരത്തിൽ വന്ന സർക്കാർ 13 സാധനങ്ങൾക്കും നൽകി വന്നിരുന്ന സബ്സിഡി

55 ശതമാനത്തിൽനിന്നും 35 ശതമാനമായി കുറച്ചു. അങ്ങനെ സബ്സിഡി 55 ശതമാനത്തിൽനിന്നും 35 ശതമാനത്തിലേയ്ക്ക് കുറച്ചശേഷം 50-ാം വാർഷികം ആഘോഷിക്കുന്നൊരു സർക്കാരാണ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. വില വർദ്ധനവ് ജനങ്ങളെ ബാധിക്കില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് ശരിയാണ്. കാരണം, സപ്ലൈകോയിലെ വിലവർദ്ധനവ് ഇപ്പോൾ കേരളത്തിലെ ജനങ്ങളെ ബാധിക്കില്ല കാരണം സപ്ലൈകോയിൽ ഒരു സാധനവുമില്ല. സപ്ലൈകോയിൽ പോയി ആരെങ്കിലും എന്തെങ്കിലും വാങ്ങിച്ചാലല്ലേ വിലവർദ്ധനവ് ജനങ്ങളെ ബാധിക്കേണ്ട കാര്യമുള്ളൂ. മാസങ്ങളായി സപ്ലൈകോ ഔട്ട്ലെറ്റിൽ പഞ്ചസാര, തുവരപരിപ്പ്, വൻപയർ തുടങ്ങിയ സാധനങ്ങളില്ല. യഥാർത്ഥത്തിൽ സപ്ലൈയില്ലാത്ത സപ്ലൈകോയായി കേരളത്തിലെ സംവിധാനം മാറി. ഞങ്ങൾ ഇത് നേരത്തെ നിയമസഭയിൽ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തെ വെല്ലുവിളിച്ച് ഏത് ഔട്ട്ലെറ്റിൽ വേണമെങ്കിലും നേരിട്ടുപോയി പരിശോധിക്കാമെന്ന് പറഞ്ഞു. ഇന്ന് കേരളത്തിലെ ഏത് സപ്ലൈകോ ഔട്ട്ലെറ്റിൽ മാധ്യമങ്ങൾ പോയി പരിശോധിച്ചാലും അവിടെ

ഒഴിഞ്ഞുകിടക്കുന്ന റാക്കുകളാണ് കാണാൻ സാധിക്കുന്നത്. അക്കാര്യം നിരവധി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതതാണ്. ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? സപ്ലൈകോയ്ക്ക് 600 കോടിയിലധികം രൂപ കുടിശ്ശികയായി കൊടുക്കാനുള്ളതുകൊണ്ട് കരാറുകാർ ആരും സഹകരിക്കുന്നില്ല. സപ്ലൈകോയ്ക്ക് ഇന്റന്റ് കൊടുത്ത് ടെണ്ടർ ക്ഷണിക്കുമെങ്കിലും ഒരാളും ടെണ്ടറിൽ പങ്കെടുക്കാനായി തയ്യാറാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ തുക പാസ്സാക്കിത്തരണമെന്നും പാസ്സാക്കുന്ന തുക സമയത്ത് കിട്ടാനുള്ള നടപടിയുണ്ടാകണമെന്നും ബഹുമാനപ്പെട്ട മന്ത്രി തന്നെ കഴിഞ്ഞദിവസം നിയമസഭയിൽ പറഞ്ഞതാണ്.

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്....... അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. റോജി എം. ജോൺ: ഞാൻ അവസാനിപ്പിക്കുകയാണ്. ഇത് നമ്മുടെ നാട്ടിലെ സാധാരണക്കാരായ അമ്മമാരെയും സ്ത്രീകളെയും സാധാരണക്കാരെയും ബാധിക്കുന്ന വിഷയമാണ്. ഞാൻ മറ്റൊന്നും പറഞ്ഞുപോകുന്നില്ല; ഇക്കാര്യങ്ങളൊക്കെ ഈ സഭയിലല്ലാതെ വേറെ എവിടെ പറയാൻ സാധിക്കും? ഇന്നത്തെ കേരള കൗമുദി പത്രത്തിൽ വന്നൊരു വാർത്തയാണിത്.

'പലവ്യഞ്ജനത്തിനും വില കുതിക്കുന്നു - ഇടപെടാതെ സർക്കാർ' എന്നാണ് ആ വാർത്തയുടെ തലക്കെട്ട്. സപ്ലൈകോയ്ക്ക് 3500 കോടി രൂപ കിട്ടാനുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ സബ്സിഡി വിപണി ഇടപെടലിനായി കൊടുക്കാനുള്ളത് 1475 കോടി രൂപയാണെങ്കിൽ കേന്ദ്രസർക്കാർ നെല്ല് സംഭരണത്തിനായി കൊടുക്കാനുള്ളത് 1079 കോടി രൂപയാണ്. ചേട്ടൻ ബാവയും കൊള്ളാം, അനിയൻ ബാവയും കൊള്ളാം. സ്കൂൾ ഉച്ചഭക്ഷണത്തിന് കുടിശ്ശികയായി കൊടുക്കാനുള്ളത് 150 കോടി രൂപയാണ്. ഹെലികോപ്റ്ററിന് കൊടുക്കുന്ന വാടകയെങ്കിലും സ്കൂൾ ഉച്ചഭക്ഷണത്തിന് ചെലവഴിച്ച തുകയ്ക്കുള്ള കുടിശ്ശികയെങ്കിലും കൊടുക്കാൻ സർക്കാർ തയ്യാറാകണം. സപ്ലൈകോയിൽ സാധനങ്ങൾ സ്റ്റോക്കില്ലെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് നിയമസഭയിൽ ഈ വിഷയങ്ങളെല്ലാം പ്രതിപക്ഷം ഉന്നയിച്ചതുകൊണ്ടാണ് സപ്ലൈകോയുടെ വരുമാനത്തിൽ ഇടിവുണ്ടായിരിക്കുന്നതെന്നാണ്. സപ്ലൈകോ സ്റ്റോറുകളിൽ ആവശ്യത്തിനുള്ള സാധനങ്ങൾ ലഭ്യമായാൽ അത് വാങ്ങാൻ ആളുകൾ അവിടെ കയറും. സാധനങ്ങളില്ലാത്ത സ്റ്റോറുകളിലേയ്ക്ക് ആളുകൾ കയറാതെ വരുമ്പോൾ വീണ്ടും

അവിടെ വിലയിടിവുണ്ടാവുകയാണ്. സപ്ലൈകോയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം നൽകുന്നില്ല. ഓരോ ഔട്ട്ലെറ്റിലും മാസം 6 ലക്ഷം രൂപയുടെ ടാർജറ്റ് തികഞ്ഞാൽ മാത്രമേ താൽക്കാലിക ജീവനക്കാർക്ക് ദിവസവും 575 രൂപ കൂലി കിട്ടുകയുള്ളൂവെന്നാണ് വ്യവസ്ഥ. ഇപ്പോൾ പല ഔട്ട്ലെറ്റുകളിലെയും മാസവിറ്റുവരവെന്ന് പറയുന്നത് 3 ലക്ഷം രൂപയിൽ താഴെയാണ്. മൂന്ന് തൊഴിലാളികളുള്ള ഒരു സപ്ലൈകോയിൽ 24 ദിവസം പണിയെടുത്താൽ അവർക്ക് ആകെ കൊടുക്കുന്ന ശമ്പളം 13800 രൂപയാണ്. അത് മൂന്നായി വീതിച്ചെടുത്താൽ ഒരാൾക്ക് മാസം കിട്ടുന്നത് 4600 രൂപ മാത്രമാണ്. സപ്ലൈകോയിൽ താൽക്കാലികമായി പണിയെടുക്കുന്ന സാധാരണ ജീവനക്കാരന് ഒരു ദിവസം കിട്ടുന്ന ശരാശരി കൂലി 167 രൂപ മാത്രമാണ്. 167 രൂപയ്ക്ക് ദിവസക്കൂലി വേതനത്തിൽ സപ്ലൈകോയിൽ തൊഴിലെടുക്കേണ്ടി വരുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ദുരവസ്ഥ ഈ സർക്കാർ കാണുന്നില്ലേ? ആ ദുരവസ്ഥയിൽനിന്നുകൊണ്ടാണ് സപ്ലൈകോയുടെ 50-ാം വർഷികം ആഘോഷിക്കുന്നത്. കോവിഡുകാലത്ത് സൗജന്യ കിറ്റ് വിതരണത്തിന് സാധനങ്ങൾ നിറച്ചുതന്ന സാധാരണക്കാരായ

ജീവനക്കാരുടെ ദുരിതം കാണാതെ ഈ സർക്കാർ പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്...... അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കാം. സാധാരണക്കാരായ ആളുകളെയാണ് വിലക്കയറ്റം ഏറ്റവും കൂടുതലായി ബാധിക്കുന്നത്. ദിവസക്കൂലിക്ക് പണിയെടുക്കുന്ന തൊഴിലാളികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ തുടങ്ങിയ സാധാരണക്കാരായ ആളുകൾ അവരുടെ ജീവിതം രണ്ടറ്റം കൂട്ടിമുട്ടിക്കാനായി പ്രയാസപ്പെടുകയാണ്. ഇങ്ങനെ ജനങ്ങൾ പൊറുതിമുട്ടുമ്പോൾ അവരുടെ പർച്ചേസിംഗ് പവർ കൂട്ടാനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കണ്ടേ? സർക്കാർ അവർക്ക് കൊടുക്കാനുള്ള ക്ഷേമപെൻഷൻ കൊടുക്കുന്നില്ല. ആറുമാസമായി ക്ഷേമപെൻഷൻ കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡുകളിലെ പെൻഷനും വർഷങ്ങളായി കുടിശ്ശികയിലാണ്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കൊടുക്കാനുള്ള കുടിശ്ശികയും കൊടുത്ത് തീർക്കുന്നില്ല. ഒരുവശത്ത് നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നു.

സർക്കാർതന്നെ അവരുടെ പർച്ചേസിംഗ് പവർ കൂട്ടുന്നതിനുവേണ്ടി കുടിശ്ശികപോലും കൊടുക്കാത്ത അവസ്ഥയാണുള്ളത് അത്തരത്തിൽ ഒരു വശത്ത് സർക്കാർ വരുത്തിയിരിക്കുന്ന കുടിശ്ശികയുടെ ദുരിതം ജനങ്ങൾ അനുഭവിക്കുമ്പോൾ മറുവശത്ത് വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണ്. സാധാരണക്കാരന് ഇന്ന് ഈ നാട്ടിൽ ഒരു കാരണവശാലും ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് അവന്റെ നിത്യജീവിതം മുന്നോട്ടുവയ്ക്കുമ്പോൾ അതിനെതിരെ കണ്ണടച്ചുനിൽക്കുന്നൊരു സർക്കാരാണ്. കേവലം ആഘോഷം നടത്തിയതുകൊണ്ടുമാത്രം ജനങ്ങളുടെ പ്രശ്നത്തിന് പരിഹാരമാകില്ല. ഇത്രയും ഗുരുതരമായിട്ടുള്ള വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ച ചില കാര്യങ്ങളിൽ ഗവൺമെന്റ് ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. സംസ്ഥാനത്തെ പച്ചക്കറി വില വർദ്ധനയുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച വിഷയങ്ങളിന്മേൽ 24-06-2024-ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ

ഉന്നതതലയോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങുന്നുണ്ട്. അതുപോലെ പൊതുവിതരണ സംവിധാനത്തെയും സപ്ലൈകോയെക്കുറിച്ചുമെല്ലാം അദ്ദേഹം ഇവിടെ വാചാലനാവുകയുണ്ടായി. വിലക്കയറ്റമെന്നത് കേരളത്തിന്റെ മാത്രം വിഷയമല്ല, രാജ്യമൊട്ടാകെയുള്ള ഒരു പ്രശ്നമാണെന്ന് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നേതാവ് ശ്രീ. പി. ചിദംബരം കേന്ദ്ര മന്ത്രിയായിരിക്കുമ്പോൾ പാർലമെന്റിൽ ഈ വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയ്ക്ക് മറുപടിയായി പറഞ്ഞ കാര്യവും അദ്ദേഹത്തിന് അറിയാമായിരിക്കും. നമ്മളെല്ലാം പലപ്പോഴും പല പൊതുവേദികളിലും ചർച്ച ചെയ്യുന്നൊരു വിഷയം കൂടിയാണത്. വിലക്കയറ്റം നിയന്ത്രിക്കാൻ തന്റെ കയ്യിൽ മാന്ത്രികവടിയൊന്നുമില്ലെന്ന് പറഞ്ഞ അന്നത്തെ കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയാണ് ശ്രീ. പി. ചിദംബരം എന്നുള്ള കാര്യം മറന്നുപോകരുത്. ഇവിടെ ശ്രീ. അനൂപ് ജേക്കബ് മന്ത്രിയായിരുന്ന കാലയളവിലെ പല സമ്മേളനങ്ങളിലെയും അടിയന്തരപ്രമേയത്തിന് നൽകിയ മറുപടികളും ഞാനൊന്ന് ഓടിച്ചുനോക്കുകയുണ്ടായി, ഞാനതിന്റെ

തർക്കത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല ...(ബഹളം)... ഇത്തരം വിഷയത്തിൽ നാം കൂട്ടായി ഇടപെടേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന വികലമായ സാമ്പത്തിക നയങ്ങളാണ് ഇത്തരം സാഹചര്യങ്ങളിലേയ്ക്കെത്തുന്നത്. കേരളത്തോട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനമെന്താണ്? അതിനെ സംബന്ധിച്ച് ഈ സഭ പലതവണ ചർച്ച ചെയ്തതാണ്. സംസ്ഥാനത്തിനാവശ്യമായ അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുന്ന കാര്യത്തിൽ കേന്ദ്രത്തിന്റെ വിവേചനപരമായ നിലപാടിനെ ചോദ്യം ചെയ്യാൻ നമുക്ക് വേണ്ടത്ര യോജിച്ച് നീങ്ങാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന് രണ്ട് ലക്ഷം മെട്രിക് ടൺ അരി വെട്ടിക്കുറച്ചത് ആരാണ്? അത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ഈ സഭയല്ലേ ഏകകണ്ഠമായി പാസ്സാക്കിയത്. കേരളത്തിലെ റേഷൻ വിതരണരംഗത്തെ ഫലപ്രദമായ വിപണി ഇടപെടലിന്റെ ഭാഗമായി 97-98 ശതമാനം കുടുംബങ്ങൾ റേഷൻകടകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നുവെന്ന് കാണാൻ സാധിക്കും. എല്ലാ മാസത്തെയും മൊത്തം കാർഡിന്റെയും ശരാശരി എടുത്തുനോക്കിയാൽ 82-83 ശതമാനം കുടുംബങ്ങൾ

പൊതുവിതരണ കേന്ദ്രങ്ങളിൽനിന്നും കൃത്യമായി അരി വാങ്ങുന്നൊരു കാഴ്ചയാണ് കാണുന്നത്. ഈ മാസം ഇതുവരെ 5533526 കുടുംബങ്ങൾ അതായത്, 59% കുടുംബങ്ങൾ സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രത്തെ ആശ്രയിക്കുന്നത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യം നൽകാത്ത നിലപാട് സ്വീകരിക്കുമ്പോഴും ഈ സർക്കാർ ജനങ്ങളെ ചേർത്തുനിർത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, ആറ് മാസത്തെ റേഷൻ വിതരണത്തിന്റെ തോത് പരിശോധിച്ചാൽ മഞ്ഞ കാർഡുകാർ 97-98 ശതമാനവും പിങ്ക് കാർഡുകാർ 94 ശതമാനവും നീല കാർഡുകാർ 82 ശതമാനവും വെള്ള കാർഡുകാർ 64 ശതമാനവും തങ്ങൾക്ക് അർഹമായ വിഹിതം വാങ്ങുന്നതായി കാണാൻ കഴിയും. ശരാശരി എടുത്തുനോക്കിയാൽ ഡിസംബർ 82.7%, ജനുവരി 83.47%, ഫെബ്രുവരി 83.3%, മാർച്ച് 81.98%, ഏപ്രിൽ 80%, മെയ് 81.26% എന്നിങ്ങനെയാണ്. റേഷൻ വിതരണത്തിന്റെ ചെലവ് എടുത്തുനോക്കിയാൽ കേന്ദ്ര ഗവൺമെന്റിന്റെ ബാധ്യതയാണോ ഇത്? ഈ സർക്കാർ ഓരോ വർഷവും ഇതിനുവേണ്ടി ചെലവഴിക്കുന്ന തുക പരിശോധിച്ചാൽ ഈ സർക്കാർ അതിനാവശ്യമായ

ഇടപെടൽ നടത്തുന്നുണ്ടെന്ന് കാണാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിൽനിന്നും 8.30 രൂപയ്ക്ക് സർക്കാർ വാങ്ങുന്ന അരി നീല കാർഡുകാർക്ക് 4 രൂപ, വെള്ള കാർഡുകാർക്ക് 10.90 രൂപ എന്നീ നിരക്കുകളിലാണ് വിതരണം ചെയ്യുകയാണ്. പ്രതിവർഷം ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ 336 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഇനത്തിൽ 324 കോടി രൂപയും ഗതാഗത കൈകാര്യ ചെലവ്, ഗോഡൗൺ വാടക, ജീവനക്കാർക്കുള്ള ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 254 കോടി രൂപയും സംസ്ഥാന സർക്കാർ ചെലവഴിക്കുകയാണ്. അതായത്, ഈയിനത്തിൽ ഒരു വർഷം 914 കോടി രൂപ ചെലവഴിക്കുകയാണ്. ഇതിൽ 96 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിനെ ചോദ്യം ചെയ്യാൻ ഏതെങ്കിലുമൊരു ഘട്ടത്തിൽ യു.ഡി.എഫ്. എം.പി.മാർ തയ്യാറായിട്ടുണ്ടോ? കേരളത്തിന് അർഹമായത് നൽകണമെന്ന് അവർ കേന്ദ്രത്തോട് ആവശ്യപ്പെട്ടുന്നുണ്ടാ? അത് കേരളത്തിന്റെ ഒരു പൊതുതാൽപര്യമല്ലേ; അന്യ സംസ്ഥാനങ്ങളിലെ അരിവിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടത്തെ

അരി വിലയുടെ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കുന്നത്. കർണ്ണാടകയിൽ 54.71 രൂപ, തെലങ്കാന 47 രൂപ എന്നിങ്ങനെയാണ് ഒരു കിലോ അരിയുടെ വില. കേരളത്തിൽ ശരാശരി അരി വില 45 രൂപയാണ്. എന്താണ് അതിന് കാരണം? നാം ഉപയോഗിക്കുന്ന അരി ന്യായവിലയ്ക്ക് പൊതുവിതരണ കേന്ദ്രങ്ങളിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതുകൊണ്ടാണ്. മുൻകാലങ്ങളിൽ ഒ.എം.എസ്. (ഓപ്പൺ മാർക്കറ്റ് സെയിൽസ്) സ്കീമനുസരിച്ച് സംസ്ഥാനത്തിന് ആവശ്യമുള്ള അരി വാങ്ങാൻ സാധിക്കുമായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത സ്കീം നിർത്തലാക്കുന്ന നിലപാട് സ്വീകരിച്ച ഘട്ടത്തിൽപോലും കിലോയ്ക്ക് 41 രൂപ നിരക്കിൽ വാങ്ങുന്ന അരി 30 രൂപയ്ക്കാണ് സപ്ലൈകോ വഴി സർക്കാർ വിതരണം ചെയ്യുന്നത്. എന്നുപറഞ്ഞാൽ ഒരു കിലോ അരിക്ക് 11 രൂപ നഷ്ടം സഹിച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ശബരി കെ-റൈസ് നാല് മാസങ്ങളിലായി 41 കോടി രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്. അതായത്, 1380000 ക്വിന്റൽ അരി 30 ലക്ഷം കുടുംബങ്ങൾ വാങ്ങിയതായാണ് കാണാൻ കഴിഞ്ഞത്. അതൊക്കെ ഈ സർക്കാരിന്റെ ഫലപ്രദമായ വിപണി

ഇടപെടലിന്റെ ഭാഗമല്ലേ? ഇവിടെ സപ്ലൈകോയെക്കുറിച്ച് പറഞ്ഞു; 2022-23 സാമ്പത്തികവർഷം 5302.48 കോടി രൂപയുടെ വിൽപ്പനയാണ് സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ നടത്താൻ കഴിഞ്ഞത്. കുറച്ച് പ്രയാസങ്ങളുണ്ടായിട്ടുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ? നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാടല്ലേ കേന്ദ്രം സ്വീകരിക്കുന്നത്. എല്ലാ മേഖലയെയും അത് കുറേശ്ശെ ബാധിച്ചല്ലോ. പൊതുവിതരണ രംഗത്ത് സപ്ലൈകോയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് നൽകുന്ന സബ്സിഡിയുടെ കാര്യത്തിൽ കുറച്ച് ബാധിച്ചുവെന്നുള്ളത് സത്യമായ കാര്യമല്ലേ? എന്നാൽ അതിനെ അതിജീവിക്കാനുള്ള നടപടിയുമായിട്ടല്ലേ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സപ്ലൈകോയുടെ അൻപതാം വാർഷികം നടത്തുന്നതിനെ ബഹുമാനപ്പെട്ട അംഗം ഇവിടെ വിമർശിക്കുകയുണ്ടായി. സപ്ലൈകോയിൽ സബ്സിഡി ഉൽപ്പന്നങ്ങൾ മാത്രമല്ല, നോൺ സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപ്പനെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സപ്ലൈകോയിലൂടെ നാലിലൊന്ന് ശതമാനം സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപ്പനയാണ് നടക്കുന്നതെങ്കിൽ നാലിൽമൂന്ന്

ശതമാനം സബ്സിഡി ഇതര ഉൽപ്പന്നങ്ങളുടെ വിൽപ്പനയാണ് നടക്കുന്നത്. എന്നുപറഞ്ഞാൽ സബ്സിഡി ഇതര ഉൽപ്പന്നങ്ങൾക്കുപോലും 5-30 ശതമാനംവരെ വിലക്കുറവുണ്ട്. ന്യായവിലയ്ക്ക് ഭക്ഷ്യോൽപ്പന്നങ്ങൾ ആളുകൾക്ക് ലഭ്യമാക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. കേരളത്തിലെ ഒരു പൊതുമേഖലാസ്ഥാപനത്തിലൂടെ വർഷന്തോറും നാലായിരവും അയ്യായിരവും ആറായിരവും കോടി രൂപയുടെ വിൽപ്പനയാണ് നടക്കുന്നത്. അൻപത് വർഷക്കാലം ഇതുപോലൊരു പൊതുമേഖലാ സ്ഥാപനത്തിന് നിലനിൽക്കാൻ കഴിഞ്ഞതുതന്നെ നാം അഭിമാനമായി കാണേണ്ട വിഷയമല്ലേ? കേരളത്തിലെ ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച പ്രസ്തുത സ്ഥാപനത്തെ പിന്തുണയ്ക്കാനും സംരക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതിനുപകരം അതിനെ തകർക്കുന്ന വർത്തമാനം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നത് ഖേദകരമാണെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാനതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ രീതിയിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്ന സ്ഥാപനങ്ങളെ വളരെ മോശമായി ചിത്രീകരിച്ചതുകൊണ്ട് എന്താണ് ഗുണം? ഇവിടെ ബഹുമാനപ്പെട്ട അംഗം കേരള കൗമുദി പത്രത്തിൽ

വന്നൊരു വാർത്തയെപ്പറ്റി സൂചിപ്പിച്ചു, ഞാനത് വായിച്ചതാണ്. 'മഴ കുറഞ്ഞതും ഉത്തരേന്ത്യയിൽ ചൂട് കൂടിയതുമാണ് വില വർദ്ധനയ്ക്ക് കാരണമെന്ന്' അതിൽ ലേഖകൻ വളരെ വ്യക്തമായി പറയുന്നുണ്ട്, എന്നാൽ ആ വരി ബഹുമാനപ്പെട്ട അംഗം വായിച്ചില്ല. മാത്രമല്ല, 'തമിഴ്നാട്ടിൽനിന്നുള്ള പച്ചക്കറിയുടെ വരവും കുറഞ്ഞു, ട്രോളിംഗ് നിരോധനവും രൂക്ഷമായ തിരമാലയും കാരണം മത്സ്യലഭ്യത കുറഞ്ഞതോടെ മത്സ്യത്തിന്റെ വിലയും വർദ്ധിച്ചുതുടങ്ങി എന്നാണ് പറയുന്നത്. മത്തിയുടെ വില വർദ്ധനയെപ്പറ്റിയും പ്രസ്തുത പത്ര റിപ്പോർട്ടിൽ പറയുന്നുണ്ട്. അദ്ദേഹം ആ പോയിന്റ് പറയാതെ മറ്റ് കാര്യമാണ് പറഞ്ഞത്. അത് വാസ്തവമല്ലേ; മാധ്യമങ്ങൾപോലും അംഗീകരിക്കുന്ന കാര്യമെന്താണ്? താൽക്കാലികമായി ഉണ്ടായൊരു വിഷയമാണ് പച്ചക്കറിക്കുണ്ടായ വില മാറ്റം. 'വീക്ഷണം' പത്രത്തിലും അത് എഴുതിയിട്ടുണ്ട്. അതൊക്കെ യാഥാർത്ഥ്യമാണ്. അത് പരിഹരിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും, അല്ലാതെ കാഴ്ചക്കാരായി നിൽക്കുന്ന നിലപാടല്ല സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം ഘട്ടങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ മാറാതെ വിലക്കയറ്റം ഒഴിവാക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം നമുക്കെല്ലാവർക്കുമറിയാം. അത്തരം

നയങ്ങൾ തിരുത്താൻ ശക്തമായ ഇടപെടലാണ് നമുക്കെല്ലാം ചെയ്യാൻ കഴിയുന്ന കാര്യം. ആ വിഷയത്തിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ഇന്ത്യയിലെ ശരാശരി നിരക്കിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയാണ്, രാജസ്ഥാനെക്കുറിച്ച് പറയുന്നില്ല, എന്നാൽ നമ്മുടെ തൊട്ടടുത്ത് കിടക്കുന്ന തെക്കേയിന്ത്യൻ സംസ്ഥാനങ്ങളായ കർണ്ണാടക, തെലങ്കാന, ഒഡീഷ എന്നിവ എടുത്തുനോക്കിയാൽ കേരളത്തെക്കാളും എത്രയോ മുന്നിലാണവർ. കേരളം അപ്പോഴും വിലക്കയറ്റത്തിന്റെ കാര്യത്തിൽ പുറകിലാണ്. അതുകൊണ്ടാണ് ഞാനത് സൂചിപ്പിച്ചത്. ഇതുവരെയുള്ള കണക്കുകൾ നോക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് മാതൃകാപരമായ ഒരു നിലപാടും അവസ്ഥയും സൃഷ്ടിച്ച സംസ്ഥാനം കേരളമാണെന്ന കാര്യം പ്രതിപക്ഷവും ഭരണപക്ഷവും ഒരു പോലെ സമ്മതിക്കേണ്ട കാര്യമല്ലേ; അതൊരു യാഥാർത്ഥമല്ലേ? അതിനെ എന്തിനാണ് നാം തള്ളിക്കളയുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഏറ്റവും ശക്തമായ ആയുധം രാജ്യത്ത് നടപ്പിലാക്കുന്ന മോണിറ്ററി നയങ്ങളാണ്. നാണ്യപ്പെരുപ്പത്തിന്റെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. പണപ്പെരുപ്പവും

വിലക്കയറ്റവും ഇരട്ടസഹോദരങ്ങളാണ്. പണപ്പെരുപ്പത്തിന്റെ സ്വാധീനം വിലനിലവാരത്തിൽ പ്രതിഫലിക്കുകയെന്നത് അനിവാര്യമായ കാര്യമാണ്. അതുകൊണ്ട് ഈ വിഷയങ്ങളെ സംബന്ധിച്ച് ഫലപ്രദമായ വിപണി ഇടപെടൽ എല്ലാ മേഖലയിലും നടത്താൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. സാമ്പത്തികമായ പ്രയാസങ്ങൾ സംസ്ഥാനത്തെ ബാധിച്ചുവെന്നത് ഒരു വസ്തുത തന്നെയാണ്, അക്കാര്യത്തിൽ തർക്കിക്കുന്നില്ല. ആ വിഷയങ്ങൾ പരിഹരിച്ച് വളരെ വേഗത്തിൽ മുന്നോട്ടുപോകാനുള്ള നിലപാടിലാണ് കേരള ഗവൺമെന്റും പൊതുവിതരണ മേഖലയും എന്നുള്ള കാര്യം സൂചിപ്പിച്ചുകൊണ്ട് അത്തരമൊരു സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി(<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, സപ്ലൈകോയേയും മറ്റ് പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി വിശദമായി പറഞ്ഞു. ബജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിനേക്കാൾ കൂടുതൽ തുക നൽകിയാണ് എപ്പോഴും ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. സർക്കാരിന്റെ

പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലതന്നെയാണിത്. അതിനാൽ സർക്കാരിന്റെയും ധനകാര്യ വകുപ്പിന്റെയും ഭാഗത്തുനിന്ന് പ്രത്യേക ശ്രദ്ധയുണ്ടാകുമെന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നേരത്തെ വിലക്കയറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം റോജി എം. ജോൺ ഇവിടെ സൂചിപ്പിച്ച ചാർട്ട് ഒന്നുകൂടി  പരിശോധിക്കണം. വിലക്കയറ്റം 5.47 ശതമാനം കേരളത്തിലുള്ളപ്പോൾ കേരളത്തേക്കാളും വളരെയധികമാണ് തൊട്ടടുത്ത സംസ്ഥാനങ്ങൾ എന്നുള്ളത് ജൂൺ 12-ന് പ്രസിദ്ധീകരിച്ചിട്ടുള്ള അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള കണക്കുകളിൽനിന്നും വ്യക്തമാണ്. ഞാൻ ഒരു സംസ്ഥാനത്തെക്കുറിച്ച് പറയുന്നില്ല, കർണ്ണാടക എടുത്താലും തെലുങ്കാന എടുത്താലും അതുപോലെ മറ്റ് സംസ്ഥാനങ്ങളിലും അധികംതന്നെയാണ്. വർഷം തോറുമുള്ള പണപ്പെരുപ്പവും വിലക്കയറ്റവും നോക്കുമ്പോൾ കേരളം അതിനേക്കാളും കുറഞ്ഞാണ് നിൽക്കുന്നത് എന്നുള്ള ജൂൺ 12-ലുള്ള റിപ്പോർട്ടിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗത്തിന് ആവശ്യമുണ്ടെങ്കിൽ ഞാൻ തരാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, പച്ചക്കറിയുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾ മാത്രം ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ദിവസം യോഗം ചേർന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറയുകയുണ്ടായി. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കേണ്ടതുംകൂടി ഇതിനാവശ്യമായ ഘടകമാണ്. തക്കാളിയുടെയും മറ്റുംകാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. അട്ടപ്പാടിയിലും വടകരപ്പതിയിൽനിന്നുമെല്ലാം തക്കാളി കർഷകർക്ക് നല്ല വില നൽകി സംഭരിച്ച് വിലക്കയറ്റം കൂടുതൽ അനുഭവപ്പെടുന്ന തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ചില പച്ചക്കറികൾ കേരളത്തിന് പുറത്തുനിന്ന് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വിപണനം നടത്താനുള്ള സംവിധാനവും ഏർപ്പാടാക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെയും Vegetable and Fruit Promotion Council Keralam (VFPCK)-യുടെയും മൊബൈൽ യൂണിറ്റുകൾ....

ശ്രീ. എം. വിൻസെന്റ്: സർ, (മൈക്ക് ഓഫ്)

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരള സ്റ്റേറ്റ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ കണക്കാണ് അങ്ങും പറയുന്നത്. നമ്മൾ എടുക്കുന്നത് അങ്ങനെയാണ്. ആ സംവിധാനം കേരളത്തിലുണ്ട്. അവർ പോയി മാർക്കറ്റിലെ വില നോക്കിയാണ് കണക്ക് കൂട്ടുന്നത്. ആ വിലയെ അടിസ്ഥാനപ്പെടുത്തിയാണ് നമ്മൾ വില കുറച്ചുകൊടുക്കുന്നതിനുള്ള സമീപനം സ്വീകരിച്ചിരിക്കുന്നത്. അത്തരം ഫലപ്രദമായ ഇടപെടൽ നടത്തുകയും ചെയ്യും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. റോജി എം. ജോൺ ഇവിടെ കൊടുത്ത നോട്ടീസിൽ പറഞ്ഞിരുന്നത് എന്താണ്? കേരളത്തിൽ പച്ചക്കറി, പഴവർഗ്ഗങ്ങൾ, മുട്ട, മീൻ, ഇറച്ചി, പലചരക്ക്-

പലവ്യഞ്ജന വസ്തുക്കൾ എന്നിവയ്ക്കെല്ലാം വലിയതോതിൽ വിലക്കയറ്റമുണ്ടായി. 50 ശതമാനം മുതൽ 200 ശതമാനം വരെ വിലക്കയറ്റമുണ്ടായിരിക്കുകയാണ്. കേരളത്തിലെ Public Distribution System (PDS)-നെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. പൊതുവിതരണ സമ്പ്രദായത്തിലൂടെ റേഷൻ കടയിൽ അരി കൊടുക്കുന്ന കാര്യമാണ് അദ്ദേഹം പറഞ്ഞത്. അതാണോ ഞങ്ങൾ ഇവിടെ കൊണ്ടുവന്ന നോട്ടീസ്? അദ്ദേഹത്തിന്റെ മറുപടിയുടെ 75 ശതമാനവും റേഷൻ കടയിലൂടെ അരി വിതരണം ചെയ്യുന്നതിനെക്കുറിച്ചാണ്. അതല്ല വിഷയം. വിഷയത്തിന് മറുപടി പറയാനില്ലാതായപ്പോഴാണ് PDS-നെക്കുറിച്ച് പറയുന്നത്. PDS-നെക്കുറിച്ചല്ല ഇവിടത്തെ ചർച്ച. ഞങ്ങൾ കൊണ്ടുവന്ന നോട്ടീസ് PDS-നെക്കുറിച്ചല്ല. ഇത്രയും രൂക്ഷമായ വിലക്കയറ്റം സംസ്ഥാനത്തുണ്ടായിരിക്കുന്നത് യാഥാർത്ഥ്യമാണ്. കഴിഞ്ഞ മാസത്തെയും ഈ മാസത്തെയും വിലകളിലുണ്ടായ അപൂർവമായ വ്യത്യാസവും വിലവിവരവും ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞു. അപൂർവമായ തരത്തിലുള്ള വിലക്കയറ്റം ഈ സംസ്ഥാനത്തുണ്ടായെന്നത് യാഥാർത്ഥ്യമാണ്. എന്ത് നടപടിയാണ് സർക്കാർ

സ്വീകരിച്ചതെന്നാണ് ചോദ്യം. വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യം അസംബ്ലിയിൽ ഉത്തരം നൽകി. വില കയറിയത് നിങ്ങൾ അറിഞ്ഞില്ലേ? ഞങ്ങൾ ഓപ്പൺ മാർക്കറ്റിൽനിന്നാണ് കണക്കെടുത്തത്. പേയാട് - ചാല മാർക്കറ്റിൽനിന്നും ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റിൽനിന്നുമാണ് ഞങ്ങൾ ഈ വിലയെടുത്തത്. വില കൂടിയത് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അറിഞ്ഞില്ലേ? വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് കഴിഞ്ഞ ആഴ്ച അസംബ്ലിയിൽ ഉത്തരം നൽകിയിരിക്കുകയാണ്. അത്രമാത്രം വലിയ വിലക്കയറ്റമാണ്. നിങ്ങൾ എന്ത് ചെയ്തുവെന്നാണ് ഞങ്ങളുടെ ചോദ്യം. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി, അതിൽ എന്ത് നടപടിയെടുത്തു? ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം കൂടി, അതിൽ എന്ത് നടപടിയെടുത്തു? ഒരു ഉദാഹരണം പറയാം. കൃഷി വകുപ്പുമന്ത്രി ഹോർട്ടികോർപ്പിന്റെ കാര്യം പറഞ്ഞു. ഹോർട്ടികോർപ്പിലെ പല ഐറ്റത്തിനും പൊതുമാർക്കറ്റിലേതിനേക്കാൾ വില കൂടുതലാണ്, എല്ലാത്തിനുമല്ല. ഹോർട്ടികോർപ്പിന്റെ ഒരു ഔട്ട്ലെറ്റിൽ പോയി സാധനത്തിന്റെ വില

ചോദിച്ചിട്ട് എതിർവശത്തുള്ള ഒരു പച്ചക്കറി കടയിൽ പോയി വില ചോദിച്ചാൽ ആ പച്ചക്കറി കടയിലെ വിലയേക്കാൾ കൂടുതലാണ് ഗവൺമെന്റ് ഏജൻസിയായ ഹോർട്ടികോർപ്പിലെ വില. ഞാനൊരു ചോദ്യം ചോദിക്കാം; കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥലമേതാണ്? ഇടുക്കി ജില്ലയിലെ വട്ടവട ആണ്. ആ വട്ടവടയിലെ പച്ചക്കറിക്കാരുടെ ഉൽപ്പന്നങ്ങൾ ഹോർട്ടികോർപ്പ് ഇപ്പോൾ സംഭരിക്കുന്നുണ്ടോ? കഴിഞ്ഞ ഓണക്കാലത്ത് സംഭരിച്ചതിന്റെ തുകയായ 50 ലക്ഷം രൂപ കൊടുക്കാനുണ്ട്. ഞാൻ രണ്ട് മാസം മുമ്പ് ഇടുക്കിയിൽ പോയപ്പോഴും അവിടെയുള്ളവർ ആ പരാതിയുമായി വന്നു. തുക ഇതുവരെ കൊടുത്തിട്ടില്ല. അതുകൊണ്ട് അവർ വില കുറച്ച് ഇടനിലക്കാർ വഴി.... ഇടനിലക്കാരെ ഒഴിവാക്കി ഗവൺമെന്റ് ഏജൻസി വരുന്നത് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയാണ്. മാർക്കറ്റ് ഇന്റർവെൻഷൻ ഗവൺമെന്റ് നടത്തുമ്പോഴാണ് മാർക്കറ്റിൽ രണ്ട് തരത്തിലുള്ള വിലക്കയറ്റമുണ്ടാകുന്നത്. ഒന്ന്, സ്വാഭാവികമായ വിലക്കയറ്റം; രണ്ട്, ആർട്ടിഫിഷ്യലായി ഇടനിലക്കാരും കച്ചവടക്കാരുംകൂടിയുണ്ടാക്കുന്ന കൃത്രിമമായ വിലക്കയറ്റം. കൃത്രിമമായ

വിലക്കയറ്റത്തെ ഭംഗിയായി നിയന്ത്രിക്കാൻവേണ്ടിയാണ് ഗവൺമെന്റ് ഏജൻസി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നത്. സപ്ലൈകോയുടെ 50-ാം വാർഷികം ആഘോഷിച്ചിട്ട് സപ്ലൈകോയുടെ ചരിത്രം പറയുകയാണ് ബഹുമാനപ്പെട്ട മന്ത്രി. ഞാൻ കണക്ക് പറയട്ടെ; ചരിത്രമൊക്കെ നല്ലതാണ്. മാറിമാറി വന്ന ഗവൺമെന്റുകൾ സപ്ലൈകോയെ ചേർത്തുപിടിച്ചാണ് പോയത്. 13 ഐറ്റത്തിനാണ് സബ്സിഡി കൊടുക്കുന്നത്. അതിനെ essential commodities എന്ന് പറയും. 13 ഐറ്റം സെലക്ട് ചെയ്ത് അതിന് സബ്സിഡി കൊടുത്ത് സപ്ലൈകോ ഔട്ട്ലെറ്റിലൂടെ വിതരണം ചെയ്താൽ പൊതുമാർക്കറ്റിലെ വില നിയന്ത്രിക്കാൻ സാധിക്കും. 2022-23-ൽ സർക്കാർ സബ്സിഡി സാധനങ്ങൾ വാങ്ങിയതിൽ സപ്ലൈകോയ്ക്ക് ഗ്രാന്റായി ഒരു രൂപപോലും കൊടുത്തില്ല. ആ വർഷം സപ്ലൈകോ ചെലവാക്കിയത് 1427 കോടി രൂപയാണ്. സർക്കാർ പണം കൊടുക്കാത്തതുകൊണ്ട് 586 കോടി രൂപയാണ് അവർക്ക് നഷ്ടമുണ്ടായത്. ഞാൻ കഴിഞ്ഞ വർഷത്തെ കാര്യമാണ് പറയുന്നത്. സർക്കാർ ഒരു രൂപ പോലും ഗ്രാന്റ് ഈ സ്ഥാപനത്തിന് കൊടുത്തില്ല. കഴിഞ്ഞ വർഷം 1427 കോടി രൂപ ചെലവഴിച്ച സപ്ലൈകോ ഇപ്രാവശ്യം 565 കോടി

രൂപയാണ് ചെലവഴിച്ചത്. അതായത് കഴിഞ്ഞ വർഷത്തേക്കാൾ 862 കോടി രൂപ കുറവാണ് സപ്ലൈകോ ചെലവഴിച്ചത്. ഈ ക്രിസ്തുമസ് കാലത്ത് സോഷ്യൽ മീഡിയയിൽ ബിവറേജസ് ഔട്ട്ലെറ്റിന്റെയും മാവേലിസ്റ്റോറിന്റെയും ഒരു പോസ്റ്റ് കാണാനിടയായി. അതിൽ ആദ്യം കാണിച്ചത് ബിവറേജസ് ഔട്ട്ലെറ്റാണ്. അവിടെ എല്ലാം നിറഞ്ഞുകവിഞ്ഞ കുപ്പികളാണ്. എക്സൈസ് വകുപ്പുമന്ത്രിക്ക് അതിൽ അഭിമാനിക്കാൻ സാധിക്കും. ഔട്ട്ലെറ്റിൽ മുഴുവൻ കുപ്പികളാണ്. അതിന്റെ നേരെ താഴെ മാവേലി സ്റ്റോറിന്റെ അലമാരകൾ കാണിച്ചിരിക്കുന്നു. അതിൽ ഒരു സാധനവുമില്ല. രസികനായ ഒരാൾ ഇട്ടതാണെങ്കിലും അർത്ഥവത്തായ ഒരു പോസ്റ്റായിരുന്നു അത്. മാവേലി സ്റ്റോറിന്റെ ഔട്ട്ലെറ്റിൽ ഒരു സാധനവുമില്ല. സപ്ലൈകോയുടെ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ പലവ്യഞ്ജനം, അരി തുടങ്ങിവയുടെ വില വർദ്ധനവ് തടയാൻ വേണ്ടി നിലകൊണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഇടപെടൽ ഇല്ലാതായി. സപ്ലൈകോയുടെ 50-ാം വാർഷികത്തിന്റെ അന്തകരായി മാറിയ സർക്കാരെന്നാണ് ചരിത്രത്തിൽ നിങ്ങൾ അറിയപ്പെടാൻ പോകുന്നത്. ഏകദേശം 3500-4000 കോടി

രൂപയാണ് സർക്കാർ കൊടുക്കാനുള്ളത്. ഞാൻ വകുപ്പിനെയല്ല പറയുന്നത്. 4000 കോടിയോളം രൂപ സപ്ലൈകോയ്ക്ക് സർക്കാർ കൊടുക്കാനുണ്ട്. 50-ാം വാർഷികത്തിൽ സപ്ലൈകോയെ കുഴിച്ചുമൂടിയെന്ന പേരായിരിക്കും ഈ സർക്കാരിന് ചരിത്രത്തിലുണ്ടാകാൻ പോകുന്നത്. ഇവിടെ ഇൻഫ്ലേഷനെപ്പറ്റി പറഞ്ഞു. കേരളത്തിൽ സാധാരണ ഇൻഫ്ലേഷൻ കുറവാണ്. അത് നമ്മൾ അഭിമാനത്തോടെ പറയാറുള്ളതാണ്. എപ്പോഴും നാഷണൽ ആവറേജിന്റെ താഴെയോ തൊട്ടടുത്തോ നമ്മൾ നിന്നുപോകാറുണ്ട്. അത് നിങ്ങൾ വേറെ സംസ്ഥാനവുമായിട്ടല്ല താരതമ്യം ചെയ്യേണ്ടത്. സാധാരണ തോതിൽ കേരളത്തിന്റെ ഇൻഫ്ലേഷൻ കൂടാറില്ല. അതൊരു അത്ഭുതകരമായ കാര്യംകൂടിയാണ്. നമുക്ക് ലൈഫ് ഇൻഡെക്സ് വളരെ കൂടുതലാണെങ്കിലും നമ്മുടെ പെർക്യാപിറ്റാ ഇൻകം കുറവാണെങ്കിലും നമുക്ക് വലിയതോതിൽ ഇൻഫ്ലേഷനുണ്ടാകാൻ പാടില്ല. പക്ഷെ അപ്രതീക്ഷിതമായി ഇപ്രാവശ്യം ദേശീയ ആവറേജിനേക്കാൾ വളരെ കൂടുതൽ.... ദേശീയ ആവറേജ് ഇപ്പോൾ നന്നായി കുറഞ്ഞു. നാഷണൽ ലെവലിൽ ഇൻഫ്ലേഷൻ റേറ്റ് കുറഞ്ഞു. റിസർവ് ബാങ്കിന്റെ ഇടപെടലും മറ്റ് കാരണങ്ങളുംകൊണ്ടാണ് കുറഞ്ഞത്. പക്ഷെ

കേരളത്തിന്റെ സ്വാഭാവികമായ സാഹചര്യത്തിൽ ഇൻഫ്ലേഷൻ കൂടി. ഗവൺമെന്റ് മനസ്സിലാക്കേണ്ടത് ഇൻഫ്ലേഷൻ എന്നത് indirect tax (പരോക്ഷ നികുതി) പോലെയാണ്. ഇത് regressive ആണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെപ്പോലും ബാധിക്കുന്ന തരത്തിൽ അപകടകരമായിപ്പോകും.

ശ്രീ. റോജി എം. ജോൺ ആളുകൾക്ക് പർച്ചേഴ്സിംഗ് പവറില്ലെന്ന പ്രധാനപ്പെട്ട ഒരു പോയിന്റ് പറഞ്ഞു. ആളുകൾക്ക് പർച്ചേഴ്സിംഗ് പവറില്ലാത്തതിന് കാരണം എന്താണ്; എത്ര ആയിരം കോടി രൂപയാണ് സർക്കാർ മാർക്കറ്റിൽ നൽകാനുള്ളത്; കരാറുകാർക്ക് പതിനായിരക്കണക്കിന് കോടി രൂപയാണ് നൽകാനുള്ളത്. പെൻഷനും ക്ഷേമനിധി പെൻഷനും നൽകാനുള്ളത് പതിനായിരത്തോളം കോടി രൂപയാണ്. ആറ് മാസത്തെ സോഷ്യൽ സെക്യൂരിറ്റി പെൻഷനും ക്ഷേമനിധി പെൻഷനും വിവിധ വകുപ്പുകളിലെ ആനുകൂല്യങ്ങളുൾപ്പെടെ കോടിക്കണക്കിന് രൂപ സർക്കാർ നൽകാനുണ്ട്. ആ കാശ് അവരുടെ കയ്യിൽ ഇല്ലാതെ പോകുമ്പോൾ അവരുടെ പർച്ചേഴ്സിംഗ് പവർ ഇല്ലാതാകുകയാണ്. കേരളത്തിലെ ഇൻഫ്ലേഷനും

പർച്ചേഴ്സിംഗ് പവർ പോകുന്നതും ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിലുള്ള തിരിച്ചടികൾ ധനകാര്യ മേഖലയിലുണ്ടാക്കും. അത് വിലക്കയറ്റമുണ്ടാക്കും, പാവങ്ങൾ എന്ത് ചെയ്യും; അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എന്താണ്? ഏറ്റവും പാവപ്പെട്ടവരുടെ/സാധാരണക്കാരുടെ ജീവിതങ്ങളിലാണ് ഏറ്റവും കൂടുതൽ ഇംപാക്ട് എന്ന് ശ്രീ. റോജി എം. ജോൺ പറഞ്ഞല്ലോ; ചെറിയ പുസ്തകത്തിൽ ഓരോ മാസത്തെയും ഓരോ ദിവസത്തെയും ഓരോ ആഴ്ചത്തെയും ചെലവ് എഴുതിവച്ച് ജീവിക്കുന്ന ആളുകളുണ്ട്. ആ പണംപോലും അവർക്ക് ലഭിക്കുന്നില്ല; ചെലവാക്കാനും സാധിക്കുന്നില്ല. അത്തരം സാഹചര്യത്തിലാണ് സാധനങ്ങളുടെ വില കൂടുന്നത്. സ്വാഭാവികമായും ഈ വിലക്കയറ്റം നോക്കിയാൽ അയ്യായിരം രൂപയ്ക്ക് മുകളിൽ കഴിഞ്ഞ രണ്ടുമാസംകൊണ്ട് ഒരു ഇടത്തരം കുടുംബത്തിന്റെ ചെലവ് വർധിച്ചിട്ടുണ്ട്. ലോകം മുഴുവൻ അതീവ ദാരിദ്ര്യ നിർമ്മാർജനമെന്നെല്ലാം പറയുന്നുണ്ട്. എന്നാൽ നമ്മൾ കാണാത്ത നാല് ഡിവിഷനുണ്ട്. ഈ വിലക്കയറ്റത്തിന്റെ ഇംപാക്ട് അതാണ്. അക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ ആദ്യത്തേത് Insular

Poverty-യാണ്. മത്സ്യമേഖലയിൽ/തീരദേശ മേഖലയിൽ ഒരു വിഷയം വന്നാൽ അവർ ഒരു ദ്വീപുപോലെയായി മാറുകയും ദാരിദ്ര്യം അങ്ങോട്ട് പോകുകയും ചെയ്യും. അല്ലെങ്കിൽ പട്ടികജാതി കോളനികൾ സ്ഥിതിചെയ്യുന്ന ഏതെങ്കിലുമൊരു ഭൂപ്രദേശത്തുണ്ടാകുന്ന പ്രത്യേകമായ ദാരിദ്ര്യത്തെയാണ് Insular Poverty എന്നുപറയുന്നത്. അടുത്തത്, Case Poverty-യാണ്; അതായത്, differently abled ആയിട്ടുള്ളവർക്കും തളർന്നുകിടക്കുന്നവർക്കും നിവൃത്തിയില്ലാത്തതുകൊണ്ടും വരുമാനമില്ലാത്തതുകൊണ്ടും വരുന്ന ദാരിദ്ര്യമാണിത്. അടുത്തത് Invisible Poverty-യാണ്. സാധാരണഗതിയിൽ നോക്കുമ്പോൾ ആ കുടുംബത്തിന് വരുമാനമുണ്ട്; പക്ഷേ, പെട്ടെന്ന് ക്യാൻസർപോലെയുള്ള മാരക രോഗം ആ വീട്ടിലേയ്ക്ക് വരുന്നു, അല്ലെങ്കിൽ കുട്ടികളുടെ പഠനച്ചെലവ് ഗൗരവമായി വർധിക്കുന്നു. ഒരു ലോൺ ലഭിക്കുന്നില്ല. അല്ലെങ്കിൽ ഒറ്റയ്ക്ക് താമസിക്കുന്ന, പ്രായമായ ഒരാൾ നേരത്തെ പറഞ്ഞതുപോലെ മദ്യത്തിന്റെ ഉപയോഗംകൊണ്ടും ലഹരിമരുന്നിന്റെ ഉപയോഗംകൊണ്ടും ആ കുടുംബത്തിലുണ്ടാകുന്ന സാമ്പത്തികമായ പ്രശ്നങ്ങൾ എന്നിങ്ങനെയുള്ളതാണ് Invisible Poverty. നാലാമത്തേത്, Climate

Poverty, ഇത് നമുക്ക് ബാധകമാണ്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന അപകടകരമായ നിലയിലുണ്ടാകുന്ന ദാരിദ്ര്യം. നമ്മുടെ സംസ്ഥാനത്ത് ദാരിദ്ര്യം ഇല്ലാതാക്കുന്നുവെന്ന് നമ്മൾ പറയുകയും നമ്മൾ കാണാതെ പോകുന്നതുമായ ഈ നാല് ഡിവിഷനുകളെയും നമ്മുടെ സംസ്ഥാനം അഡ്രസ് ചെയ്തേ മതിയാകൂ. ഇതുവച്ചുകൊണ്ടാണ് ഇന്ന് ലോകത്തെല്ലായിടത്തും ദാരിദ്ര്യത്തെ സംസ്ഥാനം അഡ്രസ് ചെയ്യുന്നത്. രൂക്ഷമായ വിലക്കയറ്റം, ഒരുതരത്തിലും നിയന്ത്രിക്കാൻ കഴിയാത്ത വിലക്കയറ്റം പർച്ചേസ്സിംഗ് പവർ ഇല്ലാതാകുന്നത്, സാധാരണഗതിയിൽ ലഭിക്കേണ്ട ഒരു വെൽഫയർ സ്റ്റേറ്റ് ചെയ്യേണ്ട ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് നൽകാതെവരുന്ന സാഹചര്യം - അതീവ ഗുരുതരമായ പ്രശ്നമാണ് ഇന്ന് കേരളത്തിലെ ഏറ്റവും പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾ നേരിടുന്നത്. അതിനെ ഇങ്ങനെ ലാഘവത്തോടുകൂടിയാണോ നേരിടുന്നത്; വിലക്കയറ്റത്തെക്കുറിച്ചും പലവ്യഞ്ജനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ചും പറയുമ്പോൾ അരി വിതരണത്തെക്കുറിച്ചാണ് പറയുന്നത്. അരി എത്രയെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴിയെന്നാണോ മറുപടി പറയേണ്ടത്? വളരെ ഗൗരവമായി ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രിയെക്കുറിച്ച് മാത്രമല്ല ഗവൺമെന്റ് ഒട്ടാകെ കൈകാര്യം ചെയ്യേണ്ട ഗുരുതരമായ സ്ഥിതിവിശേഷം ധനകാര്യ വകുപ്പുമന്ത്രി അറിയണം. സംസ്ഥാനം അഭിമുഖീകരിക്കുന്ന ധനപ്രതിസന്ധി നമ്മുടെ സംസ്ഥാനത്തെ എത്രവർഷം പുറകോട്ടുകൊണ്ടുപോകുമെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കുന്നില്ല. സർക്കാരിന്റെ ഏജൻസികൾ മുഴുവൻ തകരുകയാണ്; സപ്ലൈകോ തകർന്നു, ഹോർട്ടികോർപ്പ് മോശമായി, സംഭരണമെല്ലാം പാളുന്നു, കാർഷിക മേഖലയിലും മത്സ്യത്തൊഴിലാളി മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ പ്രദേശങ്ങളിലുമെല്ലാമായി ഉണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം, അതിനുമുകളിൽ കൂനിൻമേൽ കുരുവെന്നതുപോലെയാണ് ഗുരുതരമായ ഈ വിലക്കയറ്റമുണ്ടായിരിക്കുന്നത്. ഇക്കാര്യം സർക്കാർ മനസ്സിലാക്കണമെന്നാണ് ഞങ്ങൾക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. എല്ലാ ദിവസവും രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മേശപ്പുറത്ത് എല്ലാ സാധനങ്ങളുടെയും വിലയെ സംബന്ധിച്ച വിവരം ലഭിക്കുമെന്നാണ് എന്റെ അറിവ്. ഏതെങ്കിലുമൊരു സാധനത്തിന് കഴിഞ്ഞ ആഴ്ചയിൽനിന്നും അല്ലെങ്കിൽ കഴിഞ്ഞ മാസത്തിൽനിന്നും ഈ

മാസമുണ്ടായിരിക്കുന്ന വിലക്കയറ്റം എന്തുകൊണ്ടാണ് ഉണ്ടായതെന്ന് അന്വേഷിക്കുന്നതിനുള്ള ഒരു മെക്കാനിസം മുഖ്യമന്ത്രിയുടെ ഓഫീസിൽ ഉണ്ടാകണം. നിങ്ങളുടെ സർക്കാരിൽ അങ്ങനെയൊരു ഏകോപനവും സംവിധാനവുമില്ല. നിങ്ങളുടെ പ്രയോരിറ്റിയല്ല ഇത്. ഞാൻ എപ്പോഴും ചോദിക്കുന്ന ചോദ്യമാണ് നിങ്ങളുടെ പ്രയോരിറ്റി എന്താണ്; മറ്റെന്തെങ്കിലുമൊക്കെയാണ് നിങ്ങളുടെ പ്രയോരിറ്റി. പാവങ്ങളൊന്നും നിങ്ങളുടെ പ്രയോരിറ്റിയിലില്ലെന്ന കാര്യം നിങ്ങൾ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. നിങ്ങൾ തെറ്റ് തിരുത്താൻ പോകുന്നുവെന്ന് പറയുന്നു. ഇതൊക്കെയാണ് നിങ്ങൾ തിരുത്തേണ്ട തെറ്റുകൾ. അതുകൊണ്ട് സംസ്ഥാനത്തുണ്ടായിരിക്കുന്ന രൂക്ഷമായ വിലക്കയറ്റത്തിൽ ഇടപെടുന്നതിൽ സർക്കാരും സർക്കാരിന്റെ എല്ലാ ഏജൻസികളും ഗുരുതരമായി പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട റോജി എം. ജോൺ അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ബഹുമാനപ്പെട്ട മന്ത്രി ആദ്യംതന്നെ മറുപടി പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെടാത്തത് വലിയൊരു അത്ഭുതമാണ്. മാധ്യമങ്ങൾ മുഴുവൻ ഓരോ സാധനങ്ങളും എടുത്തുവച്ച് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം സംബന്ധിച്ച് സാധാരണക്കാരുടെ പ്രയാസങ്ങൾ നിരന്തരം സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിലെ വിലക്കയറ്റത്തെ സംബന്ധിച്ച് ആദ്യം പറഞ്ഞശേഷം ബഹുമാനപ്പെട്ട മന്ത്രി പിന്നീട് പറഞ്ഞത് അവർക്കെല്ലാം പലതരത്തിലുള്ള കാർഡ് ഇല്ലേയെന്നാണ്. വെള്ള കാർഡ്, നീല കാർഡ്, പച്ച കാർഡ് എന്നിങ്ങനെ ഓരോ കാർഡുണ്ടല്ലോ; അത് കൊടുക്കുന്നില്ലേ; അതുപോരേ എന്ന രീതിയിലാണ് അദ്ദേഹം സംസാരിച്ചത്. ഇവിടെ ഒരു സമീപനത്തിന്റെ പ്രശ്നമുണ്ട്. സംസ്ഥാനത്ത് ഇന്ന് അനുഭവിക്കുന്ന ഈ ദുരവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞതിനുശേഷം കുറച്ച് സമയം കഴിഞ്ഞ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എഴുന്നേറ്റ് മറുപടി പറഞ്ഞത് കുറ്റബോധംകൊണ്ടായിരിക്കാം.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ എല്ലാ മന്ത്രിമാരും നിസ്സഹായരാകുകയാണ്.......

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഭയിൽ ഏതെങ്കിലുമൊരു കാര്യത്തിൽ ഇടപെട്ട് സംസാരിക്കുന്നത് കുറ്റബോധം കൊണ്ടാണോ; പ്രതിപക്ഷവും ഭരണപക്ഷവുമെല്ലാംകൂടി ചർച്ച ചെയ്ത വിഷയത്തെ സംബന്ധിച്ച് ഗൗരവമായി പറയുന്നത് കുറ്റബോധംകൊണ്ടാണോ; പറയുന്ന കാര്യം നല്ലരീതിയിൽ ചെയ്യുന്നതിനല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെയാണെങ്കിൽ ഞാൻ ഇങ്ങനെ തിരുത്താം, ആ പാവം അങ്ങനെ പറയുന്നത് ഞാൻ കാശ് നൽകാത്തതുകൊണ്ടാണെന്ന ബോധ്യം അങ്ങേയ്ക്ക് വന്നതുകൊണ്ടായിരിക്കാം. കാശ് ഇല്ലാത്തതാണ് പ്രശ്നം. ഇന്ന് രാവിലെ........

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെ വ്യക്തിപരമായി പറയുന്ന രീതി ശരിയല്ല. ഞങ്ങൾ കളക്ടീവായാണ് ബഡ്ജറ്റ് ഡിസ്കഷന്റെ ഭാഗമായി കണക്കുകൾ ചർച്ച ചെയ്യുന്നത്. എന്നാൽ സപ്ലൈകോ പോലെയുള്ള മേഖലകളിലെ നിലവിലുള്ള വിലക്കയറ്റം ഇന്ത്യയിലെ പല

സംസ്ഥാനങ്ങളിലുമുള്ളതിനേക്കാൾ നല്ലതായി ഇവിടെ ചെയ്യുന്നുണ്ട്. അതിനകത്ത് ഞങ്ങൾ കൂടുതലായി ശ്രദ്ധിക്കുമെന്ന് പറഞ്ഞത് പ്രതിപക്ഷം പറഞ്ഞ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുകൂടി സഹായകരമല്ലേ; അങ്ങനെ പറയുമ്പോൾ........(മൈക്ക് ഓഫ്)..........

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എണീറ്റ് പ്ലസ് ടുവിന് സീറ്റുകൾ നൽകേണ്ടത് ആവശ്യമാണ്, പക്ഷെ നൽകാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി എണീറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനുകൾക്ക് കുറച്ചുകൂടി കാശ് നൽകേണ്ടതാണ്, എന്നാൽ നൽകാൻ കഴിയുന്നില്ല. റോഡുകളുടെ സ്ഥിതിയെകുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി വേണ്ടത്ര കാശ് ഇല്ലെന്ന് പറയുന്നു. അതുകൊണ്ട് ഞങ്ങൾക്ക് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയാതിരിക്കാൻ കഴിയില്ല. കാശ് ഉണ്ടാക്കുന്നതിനുള്ള ഏതെങ്കിലും മാർഗം ധനകാര്യ വകുപ്പുമന്ത്രി കാണണ്ടേ? എല്ലാം നിശ്ചലമായിക്കൊണ്ടിരിക്കുകയാണ്. പ്രവർത്തിക്കാത്ത ഗവൺമെന്റ് എന്ന നിലയിലേയ്ക്ക് വരുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ

സ്ഥിതിയിലെത്തിയതിനാലും വിപണി ഇടപെടൽ തീരെ നഷ്ടമായതിനാലും നമുക്ക് പരമ്പരാഗതമായിട്ടുണ്ടായിരുന്ന ആ ഗുണം, ഒരുവിധം മിഡിൽ ക്ലാസ്സുകാരും തൊഴിലാളികളും സാധാരണക്കാരും അംഗപരിമിതരുമെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജീവിതനിലവാരം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരോടാണ് നിങ്ങൾക്ക് പി.ഡി.എസ്. ഇല്ലേയെന്നും പല കാർഡുകളില്ലേയെന്നും അരിയും അത്യാവശ്യ സാധനങ്ങളും ലഭിക്കുന്നത് പോരേ എന്നും ചോദിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. അതിൽ അങ്ങേയ്ക്ക് കുറ്റബോധം തോന്നിയെങ്കിൽ.... ഞാൻ കുറ്റം പറയുന്നതല്ല, പക്ഷെ അതിന് പരിഹാരമാർഗം കാണാതിരുന്നാൽ കൂടുതൽ അപകടത്തിലേയ്ക്ക് കേരളം പോകും. പണം എങ്ങനെ കണ്ടെത്തണമെന്നത് ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്വമാണ്. അതുസംബന്ധിച്ച് ആലോചിക്കുന്നതിനുള്ള സമയമായി. ഒന്നിനും കാശില്ലെന്ന് പറഞ്ഞുകൊണ്ടിരുന്നാൽ ഷോ എങ്ങനെ നടക്കും? എല്ലാവരും വലിയ ബുദ്ധിമുട്ടിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ സംസ്ഥാനം പട്ടിണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

അതിന് ഗവൺമെന്റാണ് സംരക്ഷണം നൽകേണ്ടത്. ഗവൺമെന്റിന് സംരക്ഷണം നൽകണമെന്നുണ്ടെങ്കിൽ ഭക്ഷ്യ വകുപ്പുമന്ത്രി പറയുന്നതുപോലെയുള്ള നല്ല വാക്കുകൾ പറഞ്ഞിട്ട് കാര്യമില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് എല്ലാവരും ഇടയ്ക്കിടെ നല്ലത് പറഞ്ഞുകൊണ്ടിരുന്നാൽ ആളുകൾ സിവിൽ സപ്ലൈസിൽ കയറുമോ; കയറുമ്പോൾ എന്തെങ്കിലും സാധനങ്ങൾ വാങ്ങാൻ കിട്ടണ്ടേ? സാധനങ്ങൾ വാങ്ങാൻ കിട്ടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നമ്മുടേതാണ് പൊതുമേഖലയാണ് എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നാൽ ആളുകൾ അവിടേയ്ക്ക് പോകുമോ? ഒന്നുരണ്ട് പ്രാവശ്യം പോകും, പിന്നെ പോകുമോ? അതുകൊണ്ട് ഈ ഷോ നടക്കണമെന്നുണ്ടെങ്കിലും എല്ലാ വകുപ്പുകളിലും ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ദയനീയാവസ്ഥ ഇല്ലാതിരിക്കണമെങ്കിലും അതിനെക്കുറിച്ച് ഒരു വാക്കെങ്കിലും നല്ലതാക്കി പറയണമെന്നുണ്ടെങ്കിലും കാശിന് കാശുതന്നെ വേണം. എന്നാൽ മാത്രമേ വിലക്കയറ്റമെന്ന പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് ഞാൻ പറഞ്ഞത്. വളരെ ദയനീയമായ അവസ്ഥയാണിതെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇതാണ്

ചർച്ച ചെയ്യേണ്ടത്. ബാക്കിയെല്ലാം നിർത്തിവച്ച് ഈ വിഷയമാണ് ചർച്ച ചെയ്യേണ്ടിയിരുന്നത്. അതിന് സർക്കാർ ഇത് ശ്രദ്ധയിൽപ്പോലുംപെട്ടിട്ടില്ലെന്ന് പറയുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ ഇന്ന് ഈ രംഗത്തുള്ള പരാജയം മൂടിവയ്ക്കാൻ ശ്രമിക്കുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പച്ചക്കറികളടക്കമുള്ള പലവ്യഞ്ജനങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമായി നിലകൊള്ളുന്നുവെന്നത് യാഥാർഥ്യമാണ്. രണ്ട് വർഷം മുമ്പ് ഹോർട്ടികോർപ്പിന്റെ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. അവിടെ സംഭരണവും കാര്യക്ഷമമായി നടക്കുന്നില്ല, സംഭരിക്കുന്നതിന്റെ തുകയും ലഭിക്കുന്നില്ല. അതാണ് ഇപ്പോഴിവിടെ സൂചിപ്പിച്ചത്. വട്ടവടയിൽ കർഷകർക്ക് ഏകദേശം 50 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. അങ്ങിപ്പോൾ അതില്ലെന്ന് പറയുന്നതുകേട്ടു. പക്ഷേ ഈ ഓണക്കാലത്തെടുത്ത പച്ചക്കറികൾക്ക് 50 ലക്ഷം രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. അതോടൊപ്പംതന്നെ മറ്റ് സ്റ്റേറ്റുകളിൽ നിന്ന് പച്ചക്കറികളെടുത്ത് ഹോർട്ടികോർപ്പ് വിപണനം നടത്തുന്നുവെന്ന ആക്ഷേപവും കാലാകാലങ്ങളായുണ്ട്. ഞാൻ ഈ പോയിന്റ് തന്നെയാണ് ചോദിച്ചത്. അത് ഇപ്പോഴും നിലനില്ക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഇടപെടണം. കർഷകരെ സഹായിക്കാനാണെങ്കിൽ കൃത്യമായ നിലയിൽ അവർക്ക് അത് ചെയ്യാൻ കഴിയുന്നില്ല. സംഭരണ കേന്ദ്രത്തെ സംബന്ധിച്ച് ധാരാളം പരാതികൾ നിലനില്ക്കുകയാണ്. പച്ചക്കറി ഉൽപാദന മേഖലയിലെ

വിഷയമാണ് ഞങ്ങൾ പ്രധാനമായും ഇവിടെ ചൂണ്ടിക്കാട്ടിയത്. പച്ചക്കറികളുടെ വിലക്കയറ്റം ഒരു ഭാഗത്ത് രൂക്ഷമായി നിലനിൽക്കുമ്പോൾ അതിനെ സംരക്ഷിക്കാൻ കഴിയുന്ന ഒരു ഇടപെടൽ ഹോർട്ടികോർപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. മാവേലിസ്റ്റോറുകളുടെ അവസ്ഥയും സമാനമായ നിലയിൽ പോകുന്നു. ഈ വിഷയം ഇതിന് മുമ്പും ചർച്ച ചെയ്തതാണ്. ഞാൻ അതൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഗവൺമെന്റ് ആവശ്യമായ തുക കോർപ്പറേഷന് നൽകിയാൽ മാത്രമേ ഈ ദുഃസ്ഥിതിയിൽ നിന്ന് രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടാകുകയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. പക്ഷേ, അങ്ങ് പറയുന്നതുപോലുള്ള കാര്യങ്ങൾ പ്രായോഗികതലത്തിലുണ്ടാകുന്നില്ലെന്നത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)